"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2021-22 - ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് - 2020-21 സാമ്പത്തിക വർഷം അനുവദിച്ച റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസ് ഇനത്തിലെ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതിനാൽ പുനഃരനുവദിച്ച് ഉത്തരവാകുന്നു.

### ധനകാര്യ (എസ് .എഫ് .സി സെൽ-എ ) വകുപ്പ്

സ.ഉ (സാധാ) നം. 7486/2021/ധന തീയതി,തിരുവനന്തപുരം, 20/11/2021

പരാമർശം:- 1. സ.ഉ (സാധാ) നം. 1057/2021/ധന തീയതി 06/02/2021 .

2. LSGD-FM1/253/2021-LSGD അനൗദ്യോഗിക ഫയൽ.

3. ട്രഷറി ഡയറക്ടറുടെ 11.11.2021 -ലെ TRY/3877/2021-E2 നമ്പർ കത്ത് .

### ഉത്തരവ്

2020-21 സാമ്പത്തിക വർഷം ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന് പരാമർശം (1) പ്രകാരം അനുവദിച്ച ഇൻസെന്റീവ് ബോണസ് തുകയുടെ ബിൽ പഞ്ചായത്ത് യഥാസമയം ഓൺലൈനായി നീലേശ്വരം സബ് ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും ടി തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ലയെന്നും ആയതിനാൽ ടി തുക പുനഃരനുവദിക്കുന്നതിനായി ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷയും അനുബന്ധങ്ങളും പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചത് പരാമർശം (2) പ്രകാരം ഭരണ വകുപ്പ് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന്റെ പരിഗണയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

2. ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് യഥാസമയം റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസ് ഇനത്തിലെ 2,97,620/- രൂപയുടെ ബിൽ നീലേശ്വരം സബ് ട്രഷറിയിലേക്ക് ഇ-സബ്മിറ്റ് ചെയ്തിരുന്നുവെങ്കിലും ഫിസിക്കൽ കോപ്പി ട്രഷറിയിൽ സമർപ്പിക്കാത്തതിനാൽ പ്രസ്തുത ബിൽ പാസ്സാക്കി നൽകുവാൻ സാധിച്ചില്ലായെന്ന് ട്രഷറി ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2020-21 സാമ്പത്തിക വർഷം ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന് അനുവദിക്കുകയും എന്നാൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാത്തതുമായ റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസ് തുകയായ 2,97,620/- രൂപ (രണ്ട് ലക്ഷത്തി

തൊണ്ണൂറ്റിയേഴായിരത്തി അറുന്നൂറ്റി ഇരുപത് രൂപ മാത്രം ) 2021-22 -ലെ പൊതു ആവശ്യ ഫണ്ടിന്റെ '3604-00-200-83-(05)-NP' എന്ന ശീർഷകത്തിൽ നിന്നും ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന് ( G140601 ) പുന:രനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ് കുമാർ ഒ.ബി,
ഡെപ്യൂട്ടി സെക്രട്ടറി

സ്വീകർത്താക്കൾ:-

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) , കേരള , തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ ) , കേരള ,തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ , തിരുവനന്തപുരം .

ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .

സെക്രട്ടറി , ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്.

പഞ്ചായത്ത് വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം .

എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഡയറക്ടർ , വിവര പൊതുജന സമ്പർക്ക വകുപ്പ് , തിരുവനന്തപുരം.

തദ്ദേശ സ്വയം ഭരണ (എഫ് .എം) വകുപ്പ് .

നോഡൽ ഓഫീസർ , ധനകാര്യ വകുപ്പ് (www.finance.kerala .gov.in)

ധനകാര്യ (ബി.ഡബ്ളിയു -ജെ /ഡെവലപ് .വിംഗ് / എസ്.എസ് ) വകുപ്പ് .

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഇ-1893692)

ഉത്തരവിൻ പ്രകാരം

20/11/21

സെക്ഷൻ ഓഫീസർ